# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4692** | **26.06.2019 ൽ മറുപടിയ്ക്ക്**

## സിക്കിം മാതൃകയിൽ ജൈവകൃഷി നടപ്പിലാക്കൽ

| ചോദ്യം<br>ശ്രീ. ഐ.ബി. സതീഷ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സിക്കിം സംസ്ഥാനത്തിന്റെ മാതൃകയിൽ കേരളത്തിൽ പൂർണ്ണമായും ജൈവകൃഷി നടപ്പിലാക്കാൻ സാധിക്കുമോ; ഇതിനായുള്ള നടപടി സ്വീകരിക്കുമോ; | എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 2010-ൽ ജൈവ കാർഷിക നയം പ്രഖ്യപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഘട്ടം, ഘട്ടമായി ജൈവ കൃഷി വ്യാപിപ്പിച്ച് വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിത ജില്ലയായ കാസർഗോഡിനെ 2012 - ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ചു സംസ്ഥാനത്ത് ഉടനീളം സംസ്ഥാന സർക്കാർ ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനുമായി ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 538.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.<br>1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ<br>2. ഇക്കോഷോപ്പുകൾ<br>3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം<br>4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ<br>5. കുട്ടനാട് ജി.എ.പി പദ്ധതി<br>6. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്<br>7. അവശിഷ്ട വിഷാംശ പരിശോധന<br>8. ഫാം സ്കൂൾ & കർഷകർക്കുള്ള പരിശീലനങ്ങൾ<br>9. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്<br>10. VFPCK യും SHGs വഴിയുള്ള ജൈവ പഴം, പച്ചക്കറികളിലെ സർട്ടിഫിക്കേഷൻ<br>11. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) |

| | |
|---|---|
| ബി) സ്കൂളുകളിൽ കരിക്കുലത്തിന്റെ ഭാഗമായി ഓർഗാനിക് ഫാമിംഗ് പഠനം ഉൾപ്പെടുത്താനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി എന്ന മുഖ്യ ഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നു. സ്കൂളുകളിൽ കരിക്കുലത്തിൻെറ ഭാഗമായി ഓർഗാനിക് ഫാമിംഗ് പഠനം ഉൾപ്പെടുത്തുന്നത് വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിൽ വരേണ്ട വിഷയമാണ്. |

**സെക്ഷൻ ഓഫീസർ**